പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.278 27.02.2017 - ൽ മറുപടിയ്ക്ക്

## കാരുണ്യ ഫാർമസിയുടെ പ്രവർത്തനം

| | |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ : | **മറുപടി** |
| ശ്രീ.മോൻസ് ജോസഫ് : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** |
| ശ്രീ.സി.എഫ് തോമസ് : | (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| ഡോ.എൻ.ജയരാജ് : | |
| (എ) സംസ്ഥാനത്ത് കാരുണ്യ ഫാർമസിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (എ) ഉണ്ട്. കാരുണ്യ ഫാർമസികളിലേക്കുള്ള മരുന്നു സംഭരണം, തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആസ്ഥാന കാര്യാലയത്തിലെ പർച്ചെയ്സ് വിഭാഗത്തിലെ ഡെപ്യൂട്ടി മാനേജരുടെ മേൽനോട്ടത്തിലും, കാരുണ്യ ഡിപ്പോകളുടെയും, കാരുണ്യ ഫാർമസികളുടെയും ദൈനംദിന പ്രവർത്തനങ്ങളുടെ സൂക്ഷ്മ വിശകലനം സെയിൽസ് വിഭാഗം ഡെപ്യൂട്ടി മാനേജരുടെ മേൽനോട്ടത്തിലുമാണ് നടക്കുന്നത്. മരുന്നു കമ്പനികൾക്ക് നല്കുന്ന വിതരണ ഉത്തരവിന് അനുസൃതമായി യഥാവിധി മരുന്നുകൾ ഡിപ്പോകളിൽ എത്തിക്കുന്നതും, ഡിപ്പോകളിൽ നിന്നും ഡിപ്പോകളിലേക്കും, ഡിപ്പോകളിൽ നിന്നും ഔട്ട് ലെറ്റുകളിലേക്കുമുള്ള മരുന്നുകളുടെ പുനർവിന്യാസ ക്രമീകരണങ്ങൾ ഏകോപിപ്പിക്കുന്നതിനായി സപ്ലൈ ചെയിൻ മാനേജ്മെന്റ് വിഭാഗവും പ്രവർത്തിക്കുന്നു. ഔട്ട് ലെറ്റിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും സുഗമമായ നടത്തിപ്പിനുമായി ഔട്ട് ലെറ്റ് ഇൻ-ചാർജ്ജുകൾ നിയമിതരായിരിക്കുന്നു. എല്ലാ ത്രൈമാസവും മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ആസ്ഥാനകാര്യാലയത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരും ഔട്ട് ലെറ്റ് ഇൻ ചാർജ്ജുമാരും യോഗം ചേർന്ന് നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും, പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ആവശ്യമായ പുതിയ നയങ്ങളും തിരുത്തൽ നടപടികളും കൈക്കൊള്ളുകയും ചെയ്യുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഇന്റേണൽ ഓഡിറ്റ് വിഭാഗം എല്ലാ ത്രൈമാസവും നിലവിലെ സ്റ്റോക്കും വിറ്റുവരവും വിശകലനം ചെയ്യുകയും, കാലഹരണപ്പെട്ടതും ഉടനെ കാലഹരണപ്പെടുന്നവയുമായ മരുന്നുകളുടെ |

തിരിച്ചയയ്ക്കലും, ടി മരുന്നുകളുടെ വിതരണക്കാരിൽ നിന്നും ലഭ്യമാകുന്ന ക്രെഡിറ്റ് നോട്ടുകളുടെ സഫലീകരണവും മറ്റും നിരീക്ഷിക്കുകയും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ സാമ്പത്തിക വർഷവും ഡിപ്പോകളിലും ഔട്ട് ലെറ്റുകളിലും സ്റ്റോക്ക് ഓഡിറ്റ് നടത്തുകയും വ്യതിയാനങ്ങളുണ്ടെങ്കിൽ കണ്ടെത്തി, പരിഹാര നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

(ബി) പ്രസ്തുത ഫാർമസി സംസ്ഥാനത്ത് ആരംഭിക്കുമ്പോൾ ലക്ഷ്യമിട്ടിരുന്ന ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; ആയത് എത്രത്തോളം പ്രാവർത്തികമാക്കുവാൻ സാധിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) വിപണന വിലയിൽ നിന്നും 20-93% വരെ വിലക്കുറവിൽ എല്ലാ ബ്രാൻഡഡ് മരുന്നുകളും കേരളത്തിലെ പൊതുജനങ്ങൾക്ക് ലഭ്യമാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കേരളജനതയെ രക്ഷിക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടിയാണ് കാരുണ്യ ഫാർമസി ആരംഭിച്ചത്. ആയത് പരമാവധി പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷം ഏതെല്ലാം ജില്ലകളിൽ കാരുണ്യ ഫാർമസികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

(സി)

| ക്രമ നം. | ഫാർമസി ആരംഭിക്കുന്ന സ്ഥലം | ജില്ല |
|---|---|---|
| 1 | പാരിപ്പള്ളി മെഡിക്കൽ കോളേജ് | കൊല്ലം |
| 2 | തലശ്ശേരി ജനറൽ ആശുപത്രി | കണ്ണൂർ |
| 3 | വൈക്കം താലൂക്ക് ആശുപത്രി | കോട്ടയം |
| 4 | തൃശ്ശൂർ ജനറൽ ആശുപത്രി | തൃശ്ശൂർ |
| 5 | കൽപ്പറ്റ ജനറൽ ആശുപത്രി | വയനാട് |
| 6 | പത്തനംതിട്ട ജനറൽ ആശുപത്രി | പത്തനംതിട്ട |
| 7 | തളിപ്പറമ്പ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി | കണ്ണൂർ |
| 8 | പാനൂർ താലൂക്ക് ആശുപത്രി | കണ്ണൂർ |
| 9 | മണ്ണാർക്കാട് താലൂക്ക് ആശുപത്രി | പാലക്കാട് |
| 10 | നെടുങ്കോലം താലൂക്ക് ആശുപത്രി | കൊല്ലം |

മേല്പറഞ്ഞയിടങ്ങളിൽ കാരുണ്യ ഫാർമസി തുടങ്ങുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തികവർഷത്തിൽ ഫാർമസി പ്രവർത്തന സജ്ജമാക്കുന്നതിനായി ത്വരിത നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ